**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 മൂലം മരണമടഞ്ഞവരുടെ എണ്ണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 30/ 09/ 2021 ലെ കണക്കുപ്രകാരം കോവിഡ് 19 മൂലം മരണമടഞ്ഞവരുടെ എണ്ണം എത്ര; | (എ) | 30/09/2021 വരെ 25087 പേർ കോവിഡ് - 19 മൂലം മരണമടഞ്ഞിട്ടുള്ളതായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് 19 മൂലമുള്ള മരണം കണക്കാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ തന്നെ ലോകാരോഗ്യ സംഘടന, ഐസിഎംആർ എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. രോഗിയുടെ രോഗ വിവരവും, ചികിത്സയും, മരണകാരണവും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ബുള്ളറ്റിൻ, കോവിഡ്-19 രേഖപ്പെടുത്തിയിട്ടുള്ള പരിശോധനാഫലം എൽ.ഡി.എം.എസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം (SRHD) ലഭ്യമാണോ തുടങ്ങിയവയും പരിശോധിച്ചാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. കോവിഡ് മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-ഹെൽത്ത് വഴി ഒരു death reporting and auditing portal വികസിപ്പിച്ചെടുക്കുകയുണ്ടായി. 2021 ജൂൺ 16 മുതൽ സംസ്ഥാനത്തെ എല്ലാ കോവിഡ് മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. |
| (സി) | ബഹു: സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പുതുക്കി നിശ്ചയിച്ച മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (സി) | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു (F.No.18018/11/2021/DM Cell/GOI, New Delhi, dtd.03/09/2021). സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ |

| | | | |
|---|---|---|---|
| | | | അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് ഇതനുസരിച്ച് കോവിഡ് 19 മൂലമുള്ള മരണസംഖ്യ കണക്കാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു (F.No.18018/11/2021/DM Cell/GOI, New Delhi, dtd.03/09/2021). സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും |

| | | | |
|---|---|---|---|
| | | | കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുന്നതിനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ